Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം നഗരസഭയിലെ മരാമത്തുപണികൾ

103 (1424) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയിൽ ടെണ്ടർ ക്ഷണിക്കാതെ മരാമത്തു പ്രവൃത്തികൾ കരാറുകാർക്ക് നൽകിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇപ്രകാരം എത്ര പ്രവൃത്തികൾ ഏതെല്ലാം കരാറുകാർക്ക് നൽകിയിട്ടുണ്ട് ;

(സി) നിലവിലുള്ള മാനദണ്ഡം ലംഘിച്ച് തിരുവനന്തപുരം നഗരസഭയിൽ പ്രവൃത്തികൾ കരാറുകാർക്ക് നൽകുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) ചെയ്യാത്ത പ്രവൃത്തിയുടെ പേരിൽ കോൺട്രാക്ടർ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് പണം കൈപ്പറ്റിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അത്തരം സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും വാസ്തവമെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) ഇല്ല.

(ഇ) ബാധകമല്ല.

## കോർപ്പറേഷനുകളിലെ മാലിന്യസംസ്കരണം

104 (1425) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളിൽ മാലിന്യ സംസ്കരണത്തിനായി അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;